# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2091** **16.08.2017-ൽ മറുപടിയ്ക്ക്**

**<u>ഇതരസംസ്ഥാന ലോട്ടറികളുടെ വ്യാജ വിൽപ്പന</u>**

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇതരസംസ്ഥാന ലോട്ടറികൾ വ്യാജമായി വിറ്റഴിക്കുന്നത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തിനകത്ത് ഇതരസംസ്ഥാന ലോട്ടറിയുടെ ഭീഷണി മറികടക്കുന്നതിലേയ്ക്കായി നിലവിൽ പ്രാബല്യത്തിലുള്ള ആക്ടുകളും റൂളുകളും പ്രകാരം കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1998 ലെ ലോട്ടറി റെഗുലേഷൻ ആക്റ്റ്, 2010 ലെ ലോട്ടറി റെഗുലേഷൻ റൂൾ എന്നിവ പ്രകാരം സംസ്ഥാനത്തിനകത്ത് സിക്കിം ലോട്ടറിയുടെ വിൽപ്പന 2013 മുതൽ കേന്ദ്രസർക്കാർ നിരോധിച്ചിട്ടുള്ളതാകുന്നു.<br><br>ജി.എസ്.ടിയുടെ മറവിൽ സംസ്ഥാനത്ത് ഇതര സംസ്ഥാന ലോട്ടറികളുടെ പ്രവർത്തനം തടയുന്നതിലേയ്ക്കായി ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങൾ/പരിശോധനകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ലോട്ടറി ഏജൻറുമാർ കേരള സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ വിൽക്കാവൂ എന്നും നിയമവിധേയമല്ലാത്ത അന്യസംസ്ഥാന ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിപ്പ് നൽകിയിട്ടുണ്ട്.<br>ജി.എസ്.ടി യുടെ മറവിൽ മിസോറാം ലോട്ടറി അവരുടെ വിതരണക്കാരായ M/s Teesta Distributors മുഖേന റൂളുകൾ ലംഘിച്ച് വിൽപനയ്ക്കൊരുങ്ങിയതിനെ തുടർന്ന് പ്രസ്തുത |

| | | | |
|---|---|---|---|
| | | | നിയമലംഘനം കേന്ദ്ര ആഭ്യന്തര വകുപ്പിനെയും മിസോറാം സർക്കാരിനെയും അറിയിക്കുക യുണ്ടായി. നിയമാനുസൃതമല്ലാത്ത ഇത്തരം ടിക്കറ്റുകൾ പോലീസ് മുഖാന്തിരം പിടിച്ചെടുത്ത് നിയമനടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മിസോറാം സർക്കാർ കേരളത്തിനകത്തെ ലോട്ടറി നടത്തിപ്പിൽ നിന്നും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ പിൻമാറിയതായി സംസ്ഥാന സർക്കാരിനെയും മാധ്യമങ്ങളെയും അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**